**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂറിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി . ജോസഫ് | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ പ്രകാരം ടി നിയോജക മണ്ഡലത്തിൽ നിന്നും കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. ടി നിയോജക മണ്ഡലത്തിൽ നിന്നും 2015-16-ലെ എ.ടി.എസ്.പി. പദ്ധതിയിലുൾപ്പെടുത്തി കപ്പണ (ആലക്കോട് ഗ്രാമപഞ്ചായത്ത്), പാറേമൊട്ട (നടുവിൽ ഗ്രാമപഞ്ചായത്ത്), തലത്തണ്ണി (ഉദയഗിരി ഗ്രാമപഞ്ചായത്ത്), വള്ള്യാട് (ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റി), വളപ്പ് (എരുവേശി ഗ്രാമപഞ്ചായത്ത്), കോക്കോട് കുടുംബ് (ഉളിക്കൽ ഗ്രാമ പഞ്ചായത്ത്) എന്നീ 6 പട്ടികവർഗ്ഗ കോളനികളിൽ എഫ്.ഐ.ടി മുഖാന്തിരം വികസന പ്രവൃത്തികൾ നടത്തിവരുന്നു. വികസന പ്രവർത്തികളുടെ പൂർത്തീകരണ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. 2017-18 -ലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തി കരയത്തുംചാൽ, ചെമ്പുവെച്ച മൊട്ട, പെരുവടം, തോപ്പിലായി, മാവുംതട്ട് എന്നീ 5 പട്ടികവർഗ്ഗ കോളനികളിൽ ഹാബിറ്റാറ്റ് മുഖാന്തിരമാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ കരയത്തുചാൽ കോളനിയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2020-21 വർഷം ചേപ്പറമ്പ് അമ്പലം ചെട്ടാൽ അലോറ റോഡ് ടാറിംഗിനായി 46,75.000/- രൂപ ശ്രീകണ്ഠപുരം മുൻസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടില്ല. കരിമ്പക്കി കോളനി പാലം (പയ്യാവൂർ ഗ്രാമപഞ്ചായത്ത്) പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) | കോളനി വികസനത്തിനായി പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ ഉണ്ടാകുന്ന ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. 15.02.2021-നകം പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ ഇതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. 15.02.2021-നകം പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ